# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2245 06.02.2019-ൽ മറുപടിക്ക്

## കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം

**ചോദ്യം**
ശ്രീ.അടൂർ പ്രകാശ്

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | പത്തനംതിട്ടയിൽ ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനായി 19.10.13-ലെ ജി.ഒ.(ആർ.റ്റി) 476/13/സാം.കാ.വ പ്രകാരം 2,05,39,860/- രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ രാസപരവും ഘടനാപരവുമായ സംരക്ഷണ ജോലികൾ വകുപ്പ് ഏകദേശം പൂർത്തിയാക്കിയിട്ടുമുണ്ട്. കൂടാതെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | മ്യൂസിയത്തിലേക്ക് വേണ്ട പ്രദർശന വസ്തുക്കളുടെ ശേഖരണാർത്ഥം 2018 ഡിസംബർ 7, 8, 9, 10 തീയതികളിലായി പന്തളം എൻ.എസ്.എസ് കോളേജിലെ ചരിത്ര വിഭാഗവുമായി സഹകരിച്ചുകൊണ്ട് ബൃഹത്തായ ഒരു വില്ലേജ് ടു വില്ലേജ് സർവ്വേ വകുപ്പ് നടത്തിയിട്ടുണ്ട്. |
| (സി) | മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കാമോ; | (സി) & (ഡി) | മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തികൾ പൂർത്തിയാക്കി എത്രയും വേഗം പൊതുജനങ്ങൾക്ക് തുറന്നു നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | മ്യൂസിയം എന്നത്തേയ്ക്ക് തുറന്ന് പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ